# പതിമൂന്നാം കേരളനിയമസഭ
## ഒമ്പതാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത നിയമസഭാ</u>

<u>ചോദ്യം നം.699</u> <u>12.06.2013 ൽ മറുപടിക്ക്</u>

### <u>ആദിവാസി മേഖലകളിൽ സിക്കിൾസെൽ രോഗം</u>

| | ചോദ്യം<br>ശ്രീ.ഇ.പി.ജയരാജൻ: | | മറുപടി<br>ശ്രീ. വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കേരളത്തിലെ ആദിവാസി മേഖലകളിൽ എവിടെയെല്ലാമാണ് സിക്കിൾ സെൽ രോഗം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത് എന്നറിയിക്കുമോ; | (എ) | പാലക്കാട്, വയനാട്, മലപ്പുറം ജില്ലകളിലെ ആദിവാസി മേഖലകളിൽ നിന്ന് സിക്കിൾ സെൽ രോഗം റിപ്പോർട്ട് ചെയ്യിട്ടുണ്ട്. |
| (ബി) | ഓരോ പ്രദേശത്തും എത്ര രോഗികളെയാണ് കണ്ടെത്തിയിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ; | (ബി) | പാലക്കാട് - 57 ഉം, വയനാട് - 698 ഉം, മലപ്പുറം - 26 ഉം സിക്കിൾ സെൽ അനീമിയ കേസുകൾ റിപ്പോർട്ട് ചെയ്യിട്ടുണ്ട്. |
| (സി) | ഈ രോഗം വന്നവരെ ചികിത്സിക്കുവാനും രോഗം വരാതിരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് ആദിവാസി കോളനികൾ കേന്ദ്രീകരിച്ച് നടത്തി വരുന്നത് എന്ന് അറിയിക്കുമോ; | (സി) | കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലെ പത്തോളജി വിഭാഗ ത്തിന്റെ മേൽ നോട്ടത്തിൽ ഈ മൂന്ന് ജില്ലയിലെ ആദിവാസികളിലും വയനാടൻ ചെട്ടി വിഭാഗക്കാരിലും രക്ത പരിശോധന നടത്തി രോഗ വാഹകരെയും രോഗികളെയും കണ്ടെത്തുന്നു. രോഗികൾക്ക് അതത് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ തന്നെ ചികിത്സയും ആഗോള ശാസ്ത്രീയ പ്രോട്ടോകോൾ അനുസരിച്ചുള്ള എല്ലാ മരുന്നുകളും നൽകി വരുന്നു.കൂടാതെ പോഷകാഹാരകിറ്റുകൾ വിതരണം ചെയ്യുന്നു. ജനിതകമായി മാത്രം പകരുന്ന സിക്കിൾ സെൽ രോഗം അടുത്ത തലമുറയിലേക്ക് പകരാതിരിക്കുന്നതിനുള്ള ബോധവത്ക്കരണ പ്രവർത്തനങ്ങളും ആവശ്യപ്പെടുന്ന ആളുകൾക്ക് ജനിതക കൗൺസിലിങ്ങും ആരോഗ്യപ്രവർത്തകർ നൽകുന്നു. രോഗികളെ കണ്ടെത്തി ഒരു രജിസ്റ്ററി നിലനിർത്തിവരുന്നു. രോഗികളുടെ വിശദാംശങ്ങൾ അടങ്ങിയ ഒരു ഡാറ്റാബേസ് സംരക്ഷിക്കുന്നുണ്ട്. |

<table>
<tr>
<td>(ഡി)</td>
<td>സിക്കിൾ സെൽ രോഗം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള ആദിവാസി കോളനികളിൽ ഇത്തരം പ്രവർത്തനങ്ങൾക്ക വേണ്ടി ഇതിനോടകം എത്ര തുക ചെലവഴിച്ചുവെന്നുള്ള കണക്ക് സാമ്പത്തിക വർഷം തിരിച്ച ലഭ്യമാക്കുമോ?</td>
<td>(ഡി)</td>
<td>സിക്കിൾ സെൽ രോഗ നിർണ്ണയം, ചികിത്സ, പോഷകാഹാര വിതരണം തുടങ്ങിയവക്ക് ഇതിനോടകം ചെലവഴിച്ച തുക സംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.<br>
<u>പാലക്കാട്</u>
<table>
<tr><td>1</td><td>2010-11</td><td>3,15,610/-</td></tr>
<tr><td>2</td><td>2011-12</td><td>93,106/-</td></tr>
<tr><td>3</td><td>2012-13</td><td>2,28,127/-</td></tr>
</table>
<u>വയനാട്</u>
<table>
<tr><th>നം.</th><th>വർഷം</th><th>തുക</th></tr>
<tr><td>1</td><td>2010-11</td><td>22,83,716/-</td></tr>
<tr><td>2</td><td>2011-12</td><td>24,89,244/-</td></tr>
<tr><td>3</td><td>2012-13</td><td>24,13,717/-</td></tr>
</table>
<u>മലപ്പുറം</u><br>
2011-12 കാലഘട്ടത്തിലാണ് ഈ ജില്ലയിൽ രോഗം ആദ്യമായി സ്ക്രീനിംഗ് തുടങ്ങിയത്. അതിനുശേഷം 5,65,000/- രൂപ എൻ.ആർ.എച്ച്.എം ഫണ്ടിൽ നിന്നും കോഴിക്കോട് മെഡിക്കൽ കോളേജിലെ പത്തോളജി വിഭാഗത്തിന് നൽകി. അതിൽ 28.02.13 വരെ 5,21,868/- രൂപ ചെലവായി. 2013 മാർച്ചിൽ 43,120/- രൂപ ചെലവായി. ആകെ 31.03.13 വരെ 5,64,988/ രൂപ ചെലവായി.</td>
</tr>
</table>

Sd/

സെക്ഷൻ ഓഫീസർ